REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-04-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കേരളം, അസം, പുതുച്ചേരി സംസ്ഥാനങ്ങളിലെ വോട്ടെടുപ്പ് സമാധാനപരമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.**
- **നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ സംസ്ഥാനത്ത് മുന്നണികളുടെ അവകാശവാദ ചർച്ചകൾ സജീവമായി.**
- **തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം.**
- **ഇസ്രായേലിനെ ഉന്മൂലനം ചെയ്യണമെന്ന പാകിസ്ഥാൻ പ്രതിരോധമന്ത്രിയുടെ ആഹ്വാനം അതിരുകടന്നതെന്ന് ഇസ്രായേൽ.**
- **ഇന്ന് ലോക ഹോമിയോപ്പതി ദിനം.**
- **IPL ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിലെ നിയമസഭ പൊതുതിരഞ്ഞെടുപ്പുകളുടെയും മൂന്ന് സംസ്ഥാനങ്ങളിലെ, നാല് നിയമസഭ മണ്ഡലങ്ങളിലെ ഉപതിരഞ്ഞെടുപ്പുകളുടെയും വോട്ടെടുപ്പ്, പൊതുവെ സമാധാനപരമായിരുന്നുവെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അസമിലും പുതുച്ചേരിയിലുമാണ് ഉയർന്ന പോളിങ്.

അസമിൽ 85.91 ശതമാനമാണ് പോളിങ്. അവിടുത്തെ അവസാന നാല് നിയമസഭ തിരഞ്ഞെടുപ്പുകളിലെ ഏറ്റവും ഉയർന്ന പോളിങ് ശതമാനമാണിത്.

പുതുച്ചേരിയിൽ 89.87 ശതമാനം പേർ വോട്ട് ചെയ്തു. 1964-ലെ ആദ്യ തിരഞ്ഞെടുപ്പ് മുതൽ രേഖപ്പെടുത്തിയതിൽ ഏറ്റവും ഉയർന്ന വോട്ടിങ് ശതമാനമാണിത്. സർവീസ് വോട്ടുകളും തപാൽ വോട്ടുകളും ചേർക്കുന്നതോടെ ഇത് 91 ശതമാനം കടക്കുമെന്നാണ് വിലയിരുത്തൽ.

അസം, കേരളം, പുതുച്ചേരി എന്നിവിടങ്ങളിൽ ആദ്യമായി മുഴുവൻ പോളിങ് സ്റ്റേഷനിലും തത്സമയ-വെബ്കാസ്റ്റിങ് ഏർപ്പെടുത്തിയ വോട്ടെടുപ്പായിരുന്നു ഇത്. അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് സന്ദർശക പരിപാടിയുടെ ഭാഗമായി 22 രാജ്യങ്ങളിലെ 38 പ്രതിനിധികൾ വോട്ടെടുപ്പ് നടപടികൾ വീക്ഷിച്ചുവെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു.

EVM ബാലറ്റ് പേപ്പറുകളിൽ സ്ഥാനാർത്ഥികളുടെ എളുപ്പം തിരിച്ചറിയാനാവുന്ന കളർ ചിത്രങ്ങൾ, മൊബൈൽ സൂക്ഷിപ്പ് സൗകര്യം, എളുപ്പത്തിൽ വായിക്കാനാവുന്ന വിധം പുതുതായി രൂപകൽപ്പന ചെയ്ത വോട്ടർ ഇൻഫർമേഷൻ സ്ലിപ്പുകൾ, ഓരോ പോളിങ് സ്റ്റേഷനിലും 1,200 വോട്ടർമാരുടെ പരിധി എന്നിങ്ങനെ നിരവധി പുതിയ വോട്ടർ സൗഹൃദ സംരംഭങ്ങൾ ഈ തിരഞ്ഞെടുപ്പിൽ ഉറപ്പാക്കിയിരുന്നു.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് മികച്ച പോളിങ്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കനുസരിച്ച് 78.27 ശതമാനം പേരാണ് വോട്ട് രേഖപ്പെടുത്തിയത്. സർവീസ് വോട്ടുകളുടെയും തപാൽവോട്ടുകളുടെയും എണ്ണം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. പല ജില്ലകളിലും ആറുമണിക്ക് ശേഷം ക്യൂവിലുണ്ടായിരുന്നവർക്കായി രാത്രി വൈകിയും വോട്ടെടുപ്പ് തുടർന്നു. അവസാന കണക്കുകൾ ലഭ്യമാകുന്നതോടെ പോളിംഗ് ശതമാനം ഉയരും.

കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പിനെ അപേക്ഷിച്ച് മികച്ച പോളിങ് ശതമാനമാണ് സംസ്ഥാനത്ത് രേഖപ്പെടുത്തിയത്. ജില്ലകളിൽ കോഴിക്കോടാണ് പോളിങ് ശതമാനത്തിൽ മുന്നിൽ - 81.36 ശതമാനം. പത്തനംതിട്ടയിലാണ് കുറഞ്ഞ പോളിംഗ് - 70.76 ശതമാനം.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ സംസ്ഥാനത്ത് മുന്നണികളുടെ അവകാശവാദ ചർച്ചകൾ സജീവമായി. കേരളത്തിൽ 80 ശതമാനത്തോടടുത്ത് പോളിംഗാണ് രേഖപ്പെടുത്തിയത്. 1987ന് ശേഷം സംസ്ഥാനം കണ്ട മികച്ച പോളിംഗായിരുന്നു ഇത്തവണത്തേത്. പോളിംഗ് ശതമാനം വർദ്ധിക്കുമ്പോൾ LDF, UDF മുന്നണികൾ അവകാശവാദം ഉന്നയിക്കുന്ന പതിവ് ഇത്തവണയും തെറ്റിച്ചില്ല.

സംസ്ഥാന ഗവൺമെന്റിന്റെ പുരോഗതിയ്ക്കും വികസനത്തിനും ഇടവേള ഉണ്ടാകരുതെന്ന ജനത്തിന്റെ ആഗ്രഹം തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അവകാശപ്പെട്ടു. വർദ്ധിച്ച ജനപിന്തുണയോടെ LDF വീണ്ടും അധികാരത്തിൽ വരുമെന്ന് CPIM ജനറൽ സെക്രട്ടറി എം എ ബേബി പറഞ്ഞു.

കേരളത്തിൽ UDF തരംഗമാണെന്ന് പ്രതിപക്ഷനേതാവ് വിഡി സതീശനും മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും അഭിപ്രായപ്പെട്ടു.
100 സീറ്റ് നേടും എന്നത് ഭംഗിവാക്കല്ലെന്നും അത് ഉറപ്പാണെന്നും സതീശൻ പറഞ്ഞു. പത്തുവർഷത്തെ ഭരണത്തിന് അവസാനം കുറിച്ച് പുതിയ പ്രഭാതത്തിലേക്ക് കേരളം നടന്നടുക്കുകയാണെന്ന് രമേശ് ചെന്നിത്തലയും അറിയിച്ചു.

കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പ് ഫലം മുതൽ UDFന് അനുകൂലമാണ് കേരളത്തിലെ അന്തരീക്ഷമെന്ന് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു.

സംസ്ഥാനത്ത് തൂക്ക് നിയമസഭയാണ് വരാൻ പോകുന്നതെന്നും അപ്പോൾ NDA നിർണായക ശക്തിയായി തീരുമെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അവകാശപ്പെട്ടു. കേരളത്തിൽ BJP-യ്ക്ക് അനുകൂലമായി ജനങ്ങൾ വലിയ മാറ്റം സൃഷ്ടിക്കുമെന്ന് തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുമെന്നും രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

CPIM സംസ്ഥാന സെക്രട്ടേറിയേറ്റ് യോഗം മറ്റന്നാൾ തിരുവനന്തപുരത്ത് ചേരും. നിയമസഭ തിരഞ്ഞെടുപ്പ് ജയസാധ്യതയടക്കം കാര്യങ്ങൾ വിലയിരുത്താനാണ് യോഗം ചേരുന്നത്.

✪✪✪

ക്രൈസ്തവ സഭയ്ക്ക് BJP യെ ആവശ്യമില്ലെങ്കിൽ തിരിച്ചും അങ്ങനെതന്നെ ആയിരിക്കുമെന്ന് BJP നേതാവ് ഷോൺ ജോർജ്ജ് അഭിപ്രായപ്പെട്ടു. BJP വിരുദ്ധത, സഭയ്ക്ക് ഭൂഷണമല്ലെന്നും അദ്ദേഹം പറഞ്ഞു. ചിലർക്ക് വേണ്ടി വിടുപണി ചെയ്യുന്നവർ സഭയിൽ ഉണ്ടെന്നും, ദീപിക ദിനപത്രം അത്തരക്കാർക്കൊപ്പമാണെന്നും ഷോൺ ജോർജ്ജ് ആരോപിച്ചു.

✪✪✪

ഈ മാസം 23 ലെ തമിഴ്നാട് തിരഞ്ഞെടുപ്പിന് പ്രചാരണം ശക്തമായി തുടരുന്നു. NDA യ്ക്കു വേണ്ടി കേന്ദ്രമന്ത്രിമാരായ പിയൂഷ് ഗോയൽ, ഡോ. L മുരുഗൻ, BJP സംസ്ഥാന ഘടകത്തിന്റെ മുൻ പ്രസിഡണ്ട് അണ്ണാമലൈ

തുടങ്ങിയവരാണ് പ്രചാരണരംഗത്ത് മുൻനിരയിൽ. അണ്ണാ DMK നേതാവ് എടപ്പാടി പളനിസാമിയും പ്രചാരണരംഗത്ത് സജീവമാണ്. DMK യ്ക്കു വേണ്ടി മുഖ്യമന്ത്രി MK സ്റ്റാലിൻ, ഉദയനിധി സ്റ്റാലിൻ, സെങ്കോട്ടയ്യൻ, പ്രേമലത വിജയകാന്ത്, ഡോ. അൻപുമണി, കനിമൊഴി തുടങ്ങിയവർ ശക്തമായി രംഗത്തുണ്ട്.

✪✪✪

പശ്ചിമ ബംഗാളിൽ നിയമസഭാ തെരഞ്ഞെടുപ്പോടെ BJP യുടെ രാഷ്ട്രീയ അടിത്തറ വികസിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനങ്ങൾ BJP യുടെ വികസന അജണ്ടയെ ആണ് പിന്തുണയ്ക്കുന്നതെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിന് BJP യുടെ പ്രകടന പ്രതിക - സങ്കല്പ് പത്ര ഇന്ന് പുറത്തിറക്കും. ആഭ്യന്തരമന്ത്രി അമിത് ഷായാണ് കൊൽക്കത്തയിൽ പ്രകടന പത്രിക പ്രകാശനം ചെയ്യുന്നത്. വികസിത ബംഗാൾ എന്ന ലക്ഷ്യത്തോടെയാണ് BJP ഇത്തവണ വോട്ടർമാരെ സമീപിക്കുന്നത്.

✪✪✪

ബിഹാർ മുൻ മുഖ്യമന്ത്രി നിതിഷ് കുമാർ ഇന്ന് രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്യും. ചടങ്ങിനു ശേഷം ഡൽഹിയിൽ മുതിർന്ന BJP നേതാക്കളുമായി നിതിഷ് കുമാർ കൂടിക്കാഴ്ച നടത്തും.

✪✪✪

2026 ലെ കേന്ദ്ര സായുധ പോലീസ് സേന നിയമം ഗവണ്മെന്റ് വിജ്ഞാപനം ചെയ്തു. രാഷ്ട്രപതി ദ്രൗപതി മുർമു ഇന്നലെ ബില്ലിന് അംഗീകാരം നൽകിയിരുന്നു. നിയമനിർമ്മാണം ഗസറ്റിൽ പ്രസിദ്ധീകരിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു, രാജ്യസഭാ മുൻ ഡെപ്യൂട്ടി ചെയർമാൻ ഹരിവൻശിനെ രാജ്യസഭാംഗമായി നാമനിർദേശം ചെയ്തു. അദ്ദേഹത്തിന്റെ കാലാവധി ഇന്നലെ അവസാനിച്ചിരുന്നു. ഇത് സംബന്ധിച്ച് ആഭ്യന്തരമന്ത്രാലയം ഇന്ന് വിജ്ഞാപനം പുറപ്പെടുവിച്ചു.

✪✪✪

അംബേദ്കർ ജയന്തി പ്രമാണിച്ച് കേന്ദ്രഗവണ്മെന്റ് സ്ഥാപനങ്ങൾക്കും, ഓഫീസുകൾക്കും ഈ മാസം 14 ന് അവധി അനുവദിച്ചു. ഇതു സംബന്ധിച്ച ഉത്തരവ് കേന്ദ്ര പേഴ്സണൽ മന്ത്രാലയം പുറത്തിറക്കി.

✪✪✪

ഇസ്രായേലിനെ ഉന്മൂലനം ചെയ്യണമെന്ന പാകിസ്ഥാൻ പ്രതിരോധമന്ത്രിയുടെ ആഹ്വാനം അതിരു കടന്നതാണെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ ഓഫീസ് അറിയിച്ചു. ഒരു ഭരണകൂടത്തിനും പൊറുക്കാനാവുന്ന പ്രസ്താവന അല്ല ഇതെന്നും, നിഷ്പക്ഷ സമാധാനവാദികൾ എന്ന് സ്വയം അവകാശപ്പെടുന്നവർക്ക് ചേർന്നതല്ല പരാമർശമെന്നും ഓഫീസ് വ്യക്തമാക്കി.

✪✪✪

ഓർത്തഡോക്സ് ഈസ്റ്റർ ദിനത്തോടനുബന്ധിച്ച് റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ പുടിൻ ഉക്രൈനുമായി  32 മണിക്കൂർ വെടിനിർത്തൽ പ്രഖ്യാപിച്ചു. ഉക്രൈൻ പ്രസിഡണ്ട് വൊളോഡിമിർ സെലൻസ്കി ഈ ദിനത്തിൽ ഏറ്റുമുട്ടൽ നിർത്തിവെക്കണമെന്ന ആവശ്യം മുന്നോട്ടുവെച്ചിരുന്നു.

✪✪✪

ഇന്ന് ലോക ഹോമിയോപ്പതി ദിനം. ഈ ചികിത്സാരീതിയുടെ ഉപജ്ഞാതാവ് ഡോ. സാമുവൽ ഹനിമാന്റെ ജന്മദിനമാണ് ഹോമിയോദിനമായി ആചരിക്കുന്നത്. ചികിത്സാ സമ്പ്രദായത്തിൽ ഹോമിയോപ്പതിയുടെ സംഭാവനകളും, ഹോളിസ്റ്റിക് ആരോഗ്യ പരിരക്ഷയും സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കാനാണ് ദിനാചരണം. ആയുഷ് മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ രണ്ട് ദിവസത്തെ സംവാദ ഫോറം ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

2027 സെൻസസിന്റെ ആദ്യ ഘട്ടത്തിൽ ഇതിനകം അഞ്ച് ലക്ഷത്തി 72,000-ത്തിലേറെ പേർ സെൽഫ് എന്യൂമറേഷൻ സൗകര്യം ഉപയോഗപ്പെടുത്തിയതായി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ അറിയിച്ചു. ഡിജിറ്റൽ സെൻസസിനോട് ജനങ്ങൾ പുലർത്തുന്ന പങ്കാളിത്ത മനോഭാവത്തിന് ഇത് തെളിവാണെന്ന് അറിയിപ്പിൽ പറയുന്നു. 11 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് ആദ്യ ഘട്ടത്തിൽ സെൻസസ് നടത്തുന്നത്. കേരളത്തിൽ ജൂൺ 16നാണ് സെൻസസിന്റെ ആദ്യ ഘട്ടം ആരംഭിക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. ഗോഹട്ടിയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഗോവ, ഒഡീഷയെ നേരിടും. വൈകിട്ട് 7-30 ന് ഗോവയിലാണ് മത്സരം.

മറ്റൊരു മത്സരത്തിൽ, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FC, സ്പോർട്ടിങ് ക്ലബ് ഡൽഹിയെ നേരിടും. വൈകീട്ട് 5 മണിക്ക് ഗുവാഹതിയിലാണ് മത്സരം.

✪✪✪

മേടം,വിഷുപൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്നു വൈകിട്ട് അഞ്ചിന് തുറക്കും. വിഷു ദിനത്തിൽ പുലർച്ചെ നാലിനു നടതുറന്ന് വിഷുക്കണി ദർശനം നടത്താം.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ

.........വോയ്സ്..........

ശബരിമല ക്ഷേത്രനട ഇന്നു വൈകിട്ട് അഞ്ചിനു തന്ത്രിയുടെ സാന്നിധ്യത്തിൽ മേൽശാന്തിതുറന്ന് ദീപം തെളിക്കും. ഈ മാസം 15 നാണ് വിഷുപൂജകൾ നടക്കുക. അന്ന് പുലർച്ചെ 4 മുതൽ 7 വരെ സന്നിധാനത്ത് വിഷുക്കണിദർശനം ലഭിക്കും. കൂടാതെ തീഥാടകർക്ക് തന്ത്രിയും മേൽശാന്തിയും വിഷുക്കൈനീട്ടവും നൽകും. മണ്ഡലപൂജ കാലം കഴിഞ്ഞാൽ കൂടുതലായി തീർഥാടകരെത്തുന്ന സമയമാണ് വിഷുപൂജാ കാലം. 18 വരെ ദർശനം നടത്താം. തീർഥാടകർ വെർച്വൽ ക്യൂ ബുക്ക് ചെയ്ത് വേണം ദർശനത്തിനെത്താൻ. ദേവസ്വം ബോർഡ് തീർഥാടനത്തിനുള്ള എല്ലാ മുന്നൊരുക്കങ്ങളും നടത്തിയിട്ടുണ്ട്.

✪✪✪

ലൈംഗികാതിക്രമ കേസിൽ സംവിധായകൻ രഞ്ജിത്തിന്റെ ജാമ്യാപേക്ഷയിൽ ഇന്ന് എറണാകുളം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി വിധി പറഞ്ഞേക്കും. നിലവിൽ എറണാകുളം സബ്ജയിലിൽ റിമാന്റിലാണ് രഞ്ജിത്ത്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ മരുന്നുനിർമാണ മേഖല നേരിടുന്ന പ്രതിസന്ധികൾ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി കേന്ദ്ര ഫാർമസ്യൂട്ടിക്കൽസ് വകുപ്പ് അറിയിച്ചു. മരുന്നു നിർമാണത്തിനാവശ്യമായ രാസവസ്തുക്കളുടെയും ലായകങ്ങളുടെയും

വിതരണം ഉറപ്പാക്കാൻ ഏകോപനത്തോടെ നടപടി സ്വീകരിച്ചിട്ടുണ്ട്. വെല്ലുവിളികൾക്കിടയിലും രാജ്യത്ത് മരുന്നുകളുടെയും ഔഷധ ഉല്പന്നങ്ങളുടെയും വിലയിൽ കാര്യമായ വർധനയുണ്ടായിട്ടില്ലെന്നും ന്യൂഡൽഹിയിലെ അന്തർമന്ത്രാലയ സംയുക്ത വാർത്താസമ്മേളനത്തിൽ വകുപ്പ് വ്യക്തമാക്കി.

✪✪✪

മസ്തിഷ്ക മരണം സംഭവിച്ച അവയവങ്ങൾ ദാനം ചെയ്ത തിരുവനന്തപുരം കിളിമാനൂർ സ്വദേശിയുടെ  ഹൃദയം ഇനി 15 വയസുകാരിയിൽ മിടിക്കും. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ഹൃദയംമാറ്റിവെക്കൽ ശസ്ത്രക്രിയ പൂർത്തിയായി.

35-കാരിയായ കായാട്ടുകോണം സ്വദേശി ജയി ജയകുമാറിന്റെ ഹൃദയമാണ് എറണാകുളം ലിസി ആശുപത്രിയിൽ കഴിയുന്ന മലപ്പുറം മൂക്കുതല സ്വദേശിനിക്ക് പുതുജീവനേകിയത്.

സംസ്ഥാന ഗവൺമെന്റ് വാടകയ്ക്ക് എടുത്ത ഹെലികോപ്റ്ററിൽ മെഡിക്കൽ സംഘം ഇന്നലെ ഉച്ചയ്ക്കാണ് തിരുവനന്തപുരത്ത് നിന്നും കൊച്ചിയിൽ ഹൃദയം എത്തിച്ചത്.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 600 രൂപ കൂടി ഒരു ലക്ഷത്തി 12,200 രൂപയായി. ഗ്രാമിന് 14,025 രൂപയാണ് ഇന്നത്തെ വില.

✪✪✪

കൂടത്തായ്  കൂരോട്ടു പാറയിൽ നിന്നും കോഴിക്കോട്ടേക്ക് പോവുകയായിരുന്ന KSRTC ബസ്സിന് തീപിടിച്ചു. ഓടിക്കൊണ്ടിരിക്കുന്ന ബസ്സിനാണ് തീ പിടിച്ചത്. ആർക്കും പരിക്കില്ല. മുക്കം അഗ്നി രക്ഷാ സേന സ്ഥലത്തെത്തിയപ്പോഴേക്കും നാട്ടുകാർ തീയണച്ചു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team:  അനിൽ ചന്ദ്രൻ, മണികണ്ഠൻ,*
*DEO : സി കെ സുബോധ്*